നം.കെ.എസ്.എ-കെ.ടി.എം.പി13/995/2017 തീയതി : 05.07.2017

# കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.16 മുതൽ 31.3.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചു. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സാബു ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15-06-17 മുതൽ 22-06-17 വരെ |
| ഉദ്യോഗസ്ഥർ | ശ്രീമതി രേഖ ആർ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീമതി അനിതകുമാരി കെ.എ,ഓഡിറ്റ് ഓഫീസർ (19/6/17 മുതൽ)<br>ശ്രീമതി മേരി ആൻഡ്രൂസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി സുധാ ജേക്കബ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ജോർജ്ജുകുട്ടി ജോസഫ്, ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി ലിസി ചെറിയാൻ | 01-04-16 - 31-03-17 |
| സെക്രട്ടറി | ശ്രീമതി സൂസി ജോസഫ്, സെക്രട്ടറി ഇൻ ചാർജ്<br>ശ്രീ ബിജുകുമാർ എം. | 01-04-16 - 03-07-16<br>04-07-16 – 31-03-17 |

നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ദീപ കൃഷ്ണൻകുട്ടി | 01-04-16 - 31-03-17 |
| കൃഷി ഓഫീസർ | ശ്രീമതി റീന ജോൺ<br>ശ്രീ തോമസ് ബോബി മാത്യൂസ് | 01-04-16 - 21-10-16<br>22-10-16 - 31-03-17 |

| | | |
|---|---|---|
| വി.ഇ.ഒ | ശ്രീ രാജേഷ് കുമാർ | 01-04-16 - 31-03-17 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ബീന. സി.ജെ. | 01-04-16 - 31-03-17 |
| മെഡിക്കൽ ഓഫീസർ, പി എച്ച് സി | ഡോ.പ്രദീപ് എബ്രഹാം<br>ഡോ.റെക്സൺ എബ്രഹാം<br>ഡോ.പ്രദീപ് എബ്രഹാം | 01-04-16 - 30-09-16<br>01-10-16 - 31-11.16<br>01-12-16 - 31-03.17 |
| എച്ച്.എം. | ശ്രീ കുര്യൻ പി. ജെ<br>ശ്രീമതി സാന്റി എ. കെ | 01-04-16 - 31-05-16<br>01-06-16 - 31-03-17 |
| വെറ്ററിനറി സർജൻ | ശ്രീ സുനിൽ മുഹമ്മദ്<br>ശ്രീ ബിനോയ് പി.മാത്യു | 01-04-16 - 15-09-16<br>16-09-16 - 31-03-17 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി പി.ഉദയകല | 01-04-16 - 31-03-17 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി സൂസി ജോസഫ് | 01-04-16 - 31-03-17 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.അനി പി.പ്രകാശം | 01-04-16 - 31-03-17 |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ.മെറിൻ വർഗ്ഗീസ്<br>ഡോ.സെലിൻ സൈമൺ<br>ഡോ.ഗീത<br>ഡോ.സുകുമാരി | 01-04-16 - 19-06-16<br>20-06-16 - 20-09-16<br>21-09-16 - 12-01-17<br>13-01-17 - 31-03-17 |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 – പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിശകലനം |

| | |
|---|---|
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 – വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളുടെ അവലോകനം |
| 2-2-1 | വസ്തു നികുതി – നിയമാനുസൃതമല്ലാത്ത ഇളവുകൾ നൽകുന്നത് |
| 2-2-2 | മൊബൈൽ ടവറുകളുടെ വസ്തു നികുതി – ഭീമമായ കുടിശ്ശിക ശേഷിക്കുന്നു |
| 2-3-1 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-3-2 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-3-3 | സ്വകാര്യ ധനവിനിമയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും,<br>സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല |
| 2-3-4 | കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല |
| 2-4 | ഡി&ഒ ലൈസൻസ് – സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല |
| 2-5 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു |
| 2-6 | സ്വകാര്യ ആശുപത്രികൾ/പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു |
| 2-7 | ഇ-ടെൻഡർ – ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരികെ ലഭിച്ചിട്ടില്ല |
| ഭാഗം 3 – ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഇൻസിനേറ്റർ സ്ഥാപിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല |

| | |
|---|---|
| 3-2 | വനിത തൊഴിൽ പരിശീലന കേന്ദ്രം – പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ |
| 3-3 | രജിസ്റ്ററുകളും ഫോറങ്ങളും ലഭിച്ചിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-4 | കല്ലുവെട്ടം കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല – ഗുണഭോക്തൃസമിതി അടച്ച തുക തനതു ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| 3-5 | ഷീ പാഡ് വിതരണം – പദ്ധതി പൂർത്തീകരിച്ചിട്ടില്ല |
| 3-6 | ബയോ ഗ്യാസ് പ്ലാന്റ് (വാർഡ് 1, 14) പദ്ധതി പൂർത്തീകരിച്ചിട്ടില്ല |
| 3-7 | മരുന്ന് പൂർണ്ണായി ലഭ്യമായിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-8 | മരുന്ന് ലഭ്യമായിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-9 | പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച തുകകൾ ചെലവഴിക്കാൻ അവശേഷിക്കുന്നു |
| 3-10 | അരീപ്പറമ്പ് മഹാദേവക്ഷേത്രക്കുളം പുനരുദ്ധാരണ പദ്ധതി പൂർത്തീകരിച്ചിട്ടില്ല |
| 3-11 | ഇടപാടുകളില്ലാത്തതിനാൽ റിസർവ് ബാങ്കിന്റെ unclaimed അക്കൗണ്ടിലേയ്ക്ക് മാറ്റിയ തുക തിരികെ ലഭിച്ചിട്ടില്ല |
| 3-12 | സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികൾ – വാങ്ങിയ സാധനങ്ങൾ<br>പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല |
| 3-13 | ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് |
| 3-14 | ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ – നടപടിക്രമങ്ങൾ പാലിക്കുന്നില്ല |
| 3-15 | തെരുവു വിളക്കുകളുടെ വൈദ്യുതീകരം – അടവ് – അപാകതകൾ |
| 3-16 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു |
| 3-17 | നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല |
| 3-18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4.2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക |

| | |
|---|---|
| 4.3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4.4 | വായ്പ/വായ്പ തിരിച്ചടവ് |
| 4.5 | സ്ഥിരനിക്ഷേപങ്ങൾ |
| 4.6 | ഓഡിറ്റ് റിക്കവറി |
| 4.7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4.8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം2 | ബാലൻസ് ഷീറ്റ് - 31.03.2017 തീയതിയിൽ |
| അനുബന്ധം3 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2016-17 |
| അനുബന്ധം4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 14-02-17തീയതിയിലെ 17 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 12613855.00 | 9104964.65 | | 3508890.35 |
| വരവ് | 129795000.00 | 52262797.00 | | 77532203 |
| ആകെ | 142408855.00 | 61367761.65 | | 81041093.35 |
| ചെലവ് | 130332000.00 | 44862469.00 | | 85469531 |

| | | | | |
|---|---|---|---|---|
| നീക്കിയിരിപ്പ് | 12076855.00 | 16505292.65 | 4428437.65 | |

ബജറ്റ് തയ്യാറാക്കുന്നതിൽ, മുൻവർഷങ്ങളിലെ യഥാർത്ഥ വരവുചെലവുകൾ താരതമ്യപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

2016-17 വർഷത്തെ വാർഷികകണക്കുകൾ 15-6-17-ന് ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷികകണക്കുകൾ ഓഡിറ്റ് വേളയിൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9104964.65 |
| വരവ് | 52262797.00 |
| ആകെ | 61367761.65 |
| ചെലവ് | 44862469.00 |
| നീക്കിയിരിപ്പ് | 16505292.65 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10023531 | 10023531 | 5893187 | 4130344 | 58.79 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2793297 | 2793297 | 1231020 | 1562277 | 44.07 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 579330 | 579330 | 286717 | 292613 | 49.49 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8230272 | 8230272 | 1732774 | 6497498 | 21.05 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2756271 | 2756271 | 2438311 | 317960 | 88.46 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5621132 | 5621132 | 5505075 | 116057 | 97.93 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 0 | 4241221 | 4241221 | 3137217 | 1104004 | 73.96 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത്(എണ്ണം) | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 192 | 116 | 69 | 7 | 60 |

പന്ത്രണ്ടാം പദ്ധതി - അവലോകനം

പഞ്ചായത്തിന്റെ പന്ത്രണ്ടാം പദ്ധതിക്കാലയളവിലെ വികസനഫണ്ടിന്റെ വകയിരുത്തൽ, ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ വികസനഫണ്ട് | ചെലവ് | ശതമാനം |
|---|---|---|---|
| 2012-13 | 18797215 | 12358176 | 66% |
| 2013-14 | 23946500 | 11215618 | 47% |
| 2014-15 | 32727968 | 19879355 | 61% |
| 2015-16 | 27375333 | 15902080 | 58% |
| 2016-17 | 23946955 | 16360992 | 68% |

പന്ത്രണ്ടാം പദ്ധതിക്കാലയളവിൽ കാർഷികമേഖലയിൽ വിവിധ പ്രോജക്ടുകൾ നടപ്പാക്കി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയും പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഗ്രാമീണചന്തയ്ക്ക് മുന്നൊരുക്കം എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നെങ്കിലും നടപ്പാക്കിയിട്ടില്ല.

മൃഗ-പക്ഷി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും പാൽ-മുട്ട എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മുട്ടക്കോഴിവിതരണം, ക്ഷീരകർഷകർക്ക് പാൽ ഇൻസെന്റീവ് തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. മത്സ്യകേരളം പരിപാടിയുമായി സഹകരിച്ച് പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടത്ര പരിഗണന നൽകിയിട്ടില്ല. 2016-17വർഷം വനിതാസ്വയംതൊഴിൽ പരിശീലനനകേന്ദ്രം നിർമ്മിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ടെങ്കിലും കേവലം കെട്ടിട നിർമ്മാണം എന്നതിലുപരി വനിതകൾക്ക് തൊഴിലും വരുമാനവും സൃഷ്ടിക്കുന്ന സംരംഭമായി കണക്കാക്കാനാവില്ല.

ആരോഗ്യസ്ഥാപനങ്ങളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രം മുഖേന പാലിയേറ്റീവ് പരിചരണം നടത്തി വരുന്നു.

പ്രധാന നിരീക്ഷണങ്ങൾ

വർക്കിംഗ് ഗ്രൂപ്പുകൾ നിർജ്ജീവം

2012-17 പദ്ധതിക്കാലയളവിൽ ഗ്രാമപ്പഞ്ചായത്തിൽ ഓരോ സാമ്പത്തികവർഷവും പന്ത്രണ്ട് വിഷയമേഖലകളിലായി പന്ത്രണ്ട് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിന്റെ ആദ്യപൊതുയോഗത്തിൽത്തന്നെ സ്റ്റാറ്റസ് റിപ്പോർട്ട്, കരട് പ്രോജക്ട് നിർദ്ദേശങ്ങൾ എന്നിവ തയ്യാറാക്കുന്നതിനുള്ള പ്രാഥമികചർച്ച നടത്തി പ്രവർത്തന പരിപാടിയ്ക്ക് രൂപം നൽകേണ്ടതാണ്. തുടർന്ന് വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.അംഗീകാരംലഭിച്ച പ്രോജക്ടുകളുടെ നടത്തിപ്പ് മോണിട്ടർ ചെയ്യേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്.എന്നാൽ ഗ്രാമപ്പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഏറെക്കുറെ നിർജ്ജീവാവസ്ഥയിലാണ്.മിനിറ്റ്സ് പരിശോധിച്ചതിൽ ഓരോ സാമ്പത്തികവർഷവും ഒറ്റത്തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത് എന്ന് കാണുന്നു.ഇത് പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

<u>മാലിന്യപ്രശ്നത്തിന് പരിഹാരം കണ്ടെത്തിയിട്ടില്ല</u>

ഗ്രാമപ്പഞ്ചായത്തിന് ഐ. എസ്. ഒ അംഗീകാരം ലഭിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി പഞ്ചായത്ത് ഓഫീസ് നവീകരിക്കുന്നതിനും മറ്റുമായി വൻതുക ചെലവഴിക്കുന്നുണ്ടെങ്കിലും മാലിന്യസംസ്കരണപദ്ധതികൾ ക്രിയാത്മകമായി ആവിഷ്കരിച്ച് നടപ്പാക്കാൻ സാധിച്ചിട്ടില്ല.

പഞ്ചായത്തിന്റെ 2016-17 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ഇൻസിനേറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.മാലിന്യങ്ങൾ കത്തിക്കുന്നത് പരിസ്ഥിതിമലിനീകരണത്തിന് ഇടയാക്കുന്നതിനാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇത്തരത്തിലുള്ള മാലിന്യസംസ്കരണപദ്ധതികൾ നടപ്പാക്കരുതെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.ഫലപ്രദമായ വ്യക്തിഗത, സ്ഥാപന, ഉറവിട മാലിന്യ സംസ്കരണപദ്ധതികൾ പന്ത്രണ്ടാംപദ്ധതിക്കാലയളവിലും നടപ്പാക്കാൻ സാധിക്കാത്തത് പദ്ധതിനിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ചയാണ്.

<u>ദാരിദ്ര്യനിർമ്മാർജ്ജന ഉപപദ്ധതി - പ്രവർത്തന കമ്മിറ്റി രൂപീകരിച്ചിട്ടില്ല.</u>

ദാരിദ്ര്യനിർമ്മാർജ്ജനഉപപദ്ധതി നടപ്പാക്കുന്നതിനു വേണ്ടി പഞ്ചായത്ത്പ്രസിഡണ്ട് ചെയർമാനായി ഒരു പ്രവർത്തനകമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന പദ്ധതിമാർഗ്ഗയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

<u>മോണിറ്ററിംഗ് കാര്യക്ഷമമായിരുന്നില്ല</u>

അംഗീകാരം ലഭിച്ച പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടത് അതതു വിഷയമേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളാണ്.മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകിയിട്ടില്ല. ഗ്രാമപ്പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലാതിരുന്നതിനാൽ മോണിറ്ററിംഗ് ഫലപ്രദമായി നിർവ്വഹിക്കാൻ സാധിച്ചിട്ടില്ല.

<u>ഗ്രാമസഭകളുടെ പ്രവർത്തനം</u>

ഗ്രാമപഞ്ചായത്തിലെ 2016-17 കാലയളവിലെ ഗ്രാമസഭകളുടെ പ്രവർത്തനം തൃപ്തികരമല്ല.കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭ യോഗം ചേരേണ്ടതാണ്. പഞ്ചായത്തിലെ 15 വാർഡുകളിലും നാല് മാസം കൂടുമ്പോഴാണ് ഗ്രാമസഭാ യോഗം ചേർന്നിട്ടുള്ളത്. ബഡ്ജറ്റ് നിർദേശങ്ങൾ, പദ്ധതി നിർദേശങ്ങൾ, ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ ഗ്രാമസഭയിൽ ചർച്ച ചെയ്തതായി കാണുന്നില്ല. ഗ്രാമസഭകൾ പലപ്പോഴും പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാനുള്ള യോഗങ്ങൾ മാത്രമാകുന്നു.

ഗ്രാമസഭ കൃത്യമായി നടത്തുന്നതിനും(മൂന്ന് മാസത്തിലൊരിക്കൽ) ഗ്രാമസഭയിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും, ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരെ ഗ്രാമസഭാ യോഗങ്ങളിൽ നിർബന്ധമായും പങ്കെടുപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് നടപ്പാക്കേണ്ട പദ്ധതികളുടേയും വികസന പദ്ധതികളുടേയും നിർദേശങ്ങൾക്ക് രൂപം നൽകുന്നതിനും മുൻഗണന നിശ്ചയിക്കുന്നതിനും ഗ്രാമസഭകളെ പ്രാപ്തമാക്കുന്നതിനുമാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യപത്രിക പ്രകാരമുള്ള തനതുവരുമാനം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 8013130 | 11960458 | (-)3947328 |
| നികുതിയേതര വരവുകൾ | 1210352 | 2693139 | (-)1482787 |
| മറ്റുവരവുകൾ | 295378 | 354321 | (-)58943 |
| ആകെ | 9518860 | 15007918 | (-)5489058 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 46920 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 2454860 | 286 |
| വിധവാപെൻഷൻ | 5423360 | 576 |
| വാർദ്ധക്യകാലപെൻഷൻ | 26788105 | 2326 |
| വികലാംഗപെൻഷൻ | 1996165 | 226 |
| അവിവാഹിത പെൻഷൻ | 285570 | 24 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.06.17-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 21,645/- രൂപയുടെ നീക്കിയിരിപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

കൃത്യമായ ജോലിവിഭജന രേഖയുടെ അടിസ്ഥാനത്തിൽ വിവിധ സെക്ഷനുകൾക്ക് ചുമതലകൾ കൈമാറിയിട്ടുണ്ട്. നിർവഹണോദ്യോഗസ്ഥരുടെ റിക്വിസിഷനുകളുടേയും അലോട്ട്മെന്റ് ലെറ്ററുകളുടേയും അടിസ്ഥാനത്തിൽ ആണ് ഫണ്ടുകൾ കൈമാറുന്നത്. വിവിധ കമ്മിറ്റികളുടെ മിനിറ്റ്സ് കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകൾ ക്രമമായി അനുബന്ധരേഖകൾക്കൊപ്പം സൂക്ഷിച്ചിട്ടുണ്ട്.

സ്റ്റോക്ക് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് :

പഞ്ചായത്തിൽ തൻവർഷം പ്രോജക്ടുകൾ മുഖാന്തിരവും അല്ലാതെയും നടത്തിയ എല്ലാ വാങ്ങലുകളും ഒരു സ്റ്റോക്ക് രജിസ്റ്ററിലാണ് എഴുതി സൂക്ഷിക്കുന്നത്. ഫോമുകളും രജിസ്റ്ററുകളും, സ്ട്രീറ്റ് ലൈറ്റുപകരണങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ (LCD,CCTVമുതലായവ), ഓഫീസ് നവീകരണത്തിനുള്ള ഷട്ടറുകൾ, പാനലുകൾ (KADCOയിൽ നിന്നും വാങ്ങിയവ) തുടങ്ങിയ വ്യത്യസ്ത വാങ്ങലുകൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു. എന്നാൽ ഇവയുടെ വിതരണവിവരങ്ങൾ, നീക്കിബാക്കി ഇവയൊന്നും ലഭ്യമല്ല. പഞ്ചായത്തിലെ വ്യത്യസ്ത ആവശ്യങ്ങൾക്കായി നടത്തുന്ന വാങ്ങലുകൾ വ്യത്യസ്ത രജിസ്റ്ററുകളിൽ രേഖപ്പെടുത്തി അവയുടെ വിതരണവിവരങ്ങൾ/നീക്കിബാക്കി കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-06-17 – 13-06-17 | 6/17 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | 2000-01 – 2006-07 | LBA(HQ)/11/8A/1254/5 dt.04-04-08 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

ഓഡിറ്റിനായി സമർപ്പിച്ച ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വർഷാരംഭ മുൻബാക്കി 9104964.65 രൂപയും തൻവർഷ വരവ് 52262797-രൂപയും തൻവർഷത്തെ ചെലവ് 44862469-രൂപയും വർഷാവസാന ബാക്കി 16505292.65 രൂപയുമാണ്. (ഇതിൽ 221626- രൂപ പണമായുള്ള നീക്കിയിരിപ്പും 16283666.65-രൂപ വിവിധ അക്കൗണ്ടുകളിലെ നീക്കിയിരുപ്പുമാണ്.)

2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രികകൾ പരിശോധനാവിധേയമാക്കിയതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. രസീത് & പേമെന്റ് പ്രകാരം സർവ്വീസ് ടാക്സിനത്തിൽ 148594/- രൂപയാണ് വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ രജിസ്റ്റർ പ്രകാരം 158796/- രൂപയാണ് വരവ്. 10202/- രൂപയുടെ വ്യത്യാസം ക്രമീകരിച്ചിട്ടില്ല.

2. ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ പ്രകാരം ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ്, വാട്ടർ ഡെപ്പോസിറ്റ് ഇനത്തിൽ ചേർത്തിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

3. 1-6 ഷെഡ്യൂൾ പ്രകാരമുള്ള NREGA വരവും കാഷ്ബുക്ക് പ്രകാരമുള്ള വരവും തമ്മിൽ 5070- രൂപയുടെ വ്യത്യാസം ഉണ്ട്. ഇതിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.

4. വസ്തുനികുതിയിനത്തിനത്തിലെ ഡിസിബി വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

5. ആസ്തി ബാധ്യതകളുടെ മൂല്യം തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല.

## 2-2-1 വസ്തുനികുതി-നിയമാനുസൃതമല്ലാത്ത ഇളവുകൾ നൽകുന്നത്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കി

വച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഉണഭോക്താക്കളിൽ നിന്ന് വാടകയീടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ എന്നിവയെ നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. എന്നാൽ ക്ലബ്ബുകൾ ഉൾപ്പെടെയുള്ള നിരവധി കെട്ടിടങ്ങളും, ആരാധനാലയങ്ങളോട് അനുബന്ധമായ കെട്ടിടങ്ങളും നികുതി, ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടവ എന്ന വിഭാഗങ്ങളിൽപ്പെടുത്തി നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിടത്തിന്റെ പേര് |
|---|---|---|
| 1 | 11/303 | റിക്രിയേഷൻ ക്ലബ്ബ് |
| 2 | 6/202 | കുഞ്ഞുമോൻ ചാക്കോ, ഡയറക്ടർ, ഇൻഡ്യൻ ബാപ്റ്റിസ്റ്റ് സെമിനാരി |
| 3 | 6/203 | ,, |
| 4 | 6/204 | ,, |
| 5 | 10/98 | ട്രസ്റ്റി, സെന്റ് മേരീസ് ചർച്ച് |
| 6 | 10/99 | ,, |
| 7 | 10/101 | ,, |
| 8 | 6/214 | ,, |
| 9 | 6/215 | ,, |
| 10 | 6/216 | ,, |
| 11 | 6/217 | ,, |
| 12 | 6/218 | ,, |
| 13 | 7/297 | ബിന്നി കെ ചാക്കോ, ഡയറക്ടർ,പ്രിസൺ ഫെല്ലോഷിപ്പ് ഇൻഡ്യ |
| 14 | 7/305 | സെക്രട്ടറി, ട്രസ്റ്റി, സെന്റ് ജോർജ്ജ് ചർച്ച് |
| 15 | 9/559(A) | മണർകാട് ക്ഷേത്രം |
| 16 | 9/562 | ,, |
| 17 | 9/563 | ,, |
| 18 | 9/564 | ,, |

| | | |
|---|---|---|
| 19 | 11/151A | ട്രസ്റ്റി, സെന്റ് ജെയിംസ് സിഎസ്ഐ ചർച്ച് |
| 20 | 17/390 | വിജയപുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രം |
| 21 | 17/391 | ,, |

നിയമാനുസൃതമല്ലാത്ത ഇളവ് അംഗീകരിക്കുന്നില്ല. മേൽ പരാമർശിച്ച കെട്ടിടങ്ങളിൽ ആരാധനയ്ക്ക് ഉപയോഗിയ്ക്കുന്നവ ഒഴികെയുള്ളവയുടെ ഇനവും ഉപയോഗക്രമവും പരിശോധിച്ച് നികുതി ചുമത്തപ്പെടേണ്ടതാണോയെന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 2-2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി -ഭീമമായ കുടിശ്ശിക ശേഷിയ്ക്കുന്നു

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.10.11 ലെ സ.ഉ.നം.19/2011/തസ്വഭവ വിജ്ഞാപനം അനുസരിച്ച് ഗ്രാമപഞ്ചായത്തിലെ മൊബൈൽടവറുകളുടെ വസ്തുനികുതി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള നികുതി ഈടാക്കിയിട്ടില്ല. കൂടാതെ നികുതി പരിഷ്കരണത്തിന് മുമ്പുള്ള വർഷങ്ങളിലെ നികുതിയും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറിന്റെ പേര് | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിച്ച അടിസ്ഥാനനികുതി (ബാധകമായ ഇളവുകൾ, വർദ്ധനവുകൾ ഉൾപ്പെടെ) | കുടിശ്ശിക വർഷം | ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | 2/139C റിലയൻസ് ഇൻഫ്രാടെൽ ലി. | 45 | 21668- | 10-11-16-17 | 1,14,596/- |
| 2 | 5/375A എം.എസ്. വോഡഫോൺ എസ്സാർ | 40 | 21400- | 12-13-16-17 | 1,07,000- |
| 3 | 6/172A. ഭാരതി ഇൻഫ്രാടെൽ ലി. | 47 | 20116- | 09-10-16-17 | 1,00,221/- |
| 4 | 9/547ഭാരതി ഇൻഫ്രാടെൽ ലി. | 47 | 22631- | 10-11-16-17 | 1,15,177/- |
| 5 | 12/564. ടാറ്റാ ടെലിസർവീസ് ലി. | 44 | 25894- | 13-14-16-17 | 1,26,808/- |
| 6 | 13/195.റിലയൻസ് ഇൻഫോകോം ലി. | 44 | 25894- | 11-12-16-17 | 1,03,207/- |
| 7 | 14/350A. എം എസ് ഭാരതി സെല്ലുലാർ ലി. | 42 | 24717- | 11-12-16-17 | 1,22,412/- |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | | 7,89,421/- |

മൊബൈൽ ടവറുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3-1 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തികവർഷം ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ലായെന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ജീവനക്കാരന്റെ/ സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | ഇ സി എച്ച് എസ് പോളിക്ലിനിക്,മണർകാട് | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ |
| 2 | ക്ഷീരവ്യവസായ സഹകരണസംഘം,തിരുവഞ്ചൂർ | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ |
| 3 | ക്ഷീരവ്യവസായ സഹകരണസംഘം,വടവാതൂർ | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ |
| 4 | ക്ഷീരവ്യവസായ സഹകരണസംഘം,അരീപ്പറമ്പ് | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ |
| 5 | ക്രൗൺ ഇന്റർനാഷണൽ ഡെന്റൽ ലാബ് | രണ്ടാം അർദ്ധവർഷം |
| 6 | ഡിലൈറ്റ് സ്റ്റിച്ചസ് | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ |
| 7 | പ്രകാശൻ മെഡിക്കൽ സെന്റർ | രണ്ടാം അർദ്ധവർഷം |
| 8 | ദീപ്തി നഴ്സിംഗ് ഹോം,അരീപ്പറമ്പ് | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ |
| 9 | ഡോ.പ്രവീൺസ് ഡെന്റൽ കോസ്മെറ്റിക് സെന്റർ, മണർകാട് | ഒന്നും,രണ്ടും അർദ്ധവർഷങ്ങൾ |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (08/ 21.6.17) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3-2 സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല

താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തികവർഷം സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ലായെന്നു കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ | ഒന്നം,രണ്ടും അർദ്ധവർഷങ്ങൾ |
| 2 | അദ്ധ്യാപക അർബൻ സഹകരണബാങ്ക്, മണ്ണർകാട് | ഒന്നം,രണ്ടും അർദ്ധവർഷങ്ങൾ |
| 3 | ഏഷ്യാനെറ്റ് സാറ്റലൈറ്റ് ഡിജിറ്റൽ കമ്യൂണിക്കേഷൻ ലിമിറ്റഡ്,മണ്ണർകാട് | ഒന്നം,രണ്ടും അർദ്ധവർഷങ്ങൾ |
| 4 | ഡോറ മൈക്രോഫൈനാൻസ് | രണ്ടാം അർദ്ധവർഷം |
| 5 | ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് | ഒന്നം,രണ്ടും അർദ്ധവർഷങ്ങൾ |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/21.6.17) ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3-3 സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള സ്വകാര്യ ധനവിനിമയസ്ഥാപനങ്ങളിൽ നിന്നും 2016-17 സാമ്പത്തികവർഷം തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽനികുതിയും ഈടാക്കിയിട്ടില്ലായെന്ന കാണുന്നു.(www.keralataxes.gov.in) വിശദാംശങ്ങൾ ചുവടെ.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ബാലകൃഷ്ണ ഫൈനാൻസ്,അരീപ്പറമ്പ് |
| 2 | ചേന്നൻകുന്നേൽ ഫൈനാൻസിയേഴ്സ്,തിരുവഞ്ചൂർ |
| 3 | ചെറുകുന്നേൽഫൈനാൻസ്,തിരുവഞ്ചൂർ |
| 4 | ഇഞ്ചക്കാട്ട് ഫൈനാൻസിയേഴ്സ്, മണ്ണർകാട് |
| 5 | കഴനിപ്പറമ്പിൽ ഫൈനാൻസിയേഴ്സ്, പാറമ്പുഴ |
| 6 | കുരുമല ഫൈനാൻസിയേഴ്സ്, മണ്ണർകാട് |
| 7 | ലോയൽ ബാങ്കേഴ്സ്, മണ്ണർകാട് |
| 8 | മണി ലെൻഡിംഗ്, മണ്ണർകാട് |
| 9 | പാരീസ് ട്രേഡേഴ്സ്, മണ്ണർകാട് |

| | |
|---|---|
| 10 | സുജ ഫൈനാൻസിയേഴ്സ്, തിരുവഞ്ചൂർ |
| 11 | വാരിക്കാട്ട് ബാങ്കേഴ്സ്, മണർകാട് |
| 12 | ജെ എസ് ഫൈനാൻസിയേഴ്സ്, മണർകാട് |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/21.06.17) ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കുകയുണ്ടായി. ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽ നികുതിയും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3-4 കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും ചട്ടം 3 സെക്ഷൻ 204(ii) പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി തൊഴിൽ നികുതി ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധവർഷവും ആകെക്കൂടി അറുപത് ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ അഥവാ ആകെക്കൂടി അറുപത് ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളുടേയും മേൽ ചുമത്തേണ്ടതാകുന്നു.

എന്നാൽ തൻവർഷം പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ ചുവടെ കൊടുത്തിട്ടുള്ള കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കോൺട്രാക്ടർമാരുടെ പേര് |
|---|---|
| 1 | ബിജു പീറ്റർ,മുളവേലിപ്പുറത്ത് |
| 2 | സാബു സെബാസ്റ്റ്യൻ, പുതുപ്പള്ളിക്കുന്നേൽ, അമയന്നൂർ |
| 3 | ഷാജി പി.കുര്യാക്കോസ്, പനയ്ക്കൽ, മണർകാട്. |
| 4 | രാജു അബ്രഹാം, തെക്കേപ്പറമ്പിൽ, മാലം. |
| 5 | റോയ് അബ്രഹാം, ചേരോലിയ്ക്കൽ, കുമ്മണ്ണൂർ |
| 6 | ആലി മാത്യു, മേച്ചേരിൽ, മണർകാട് |
| 7 | ബിജു സി പി,ചാമക്കാലായിൽ,തെള്ളകം |
| 9 | ബേബികുര്യാക്കോസ്, കുവക്കട, മണർകാട് |
| 10 | കൊച്ചുമോൻ എം കുര്യൻ,ചിറക്കാട്ട് ഹൗസ്, മണർകാട് |

മേൽ പരാമർശം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. മേല്പറഞ്ഞ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് - സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്ക

നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | സൂര്യ റബ്ബർ വർക്സ് | XI/570 | 09 |
| 2 | ചെന്നീക്കര ഫ്യൂവൽസ് | XIII/386B | 05 |
| 3 | തരുൺ ഇൻഡസ്ട്രീസ് | XIII/435 | 05 |
| 4 | സരിത ഇൻഡസ്ട്രീസ് | XIII/433 | 05 |
| 5 | കാരുണ്യ റബ്ബേഴ്സ് | XIII/436 | 05 |
| 6 | ഈസ്റ്റേൺ റബ്ബേഴ്സ് | XIII/434 | 05 |
| 7 | സെന്റ് മേരീസ് ഏജൻസീസ് (ഐഒസി ഡീലർ) | XII/172N | 04 |
| 8 | ജിയോ റബ്ബർ ഇൻഡസ്ട്രീസ് | XVII/356 | 10 |
| 9 | സോണാ റബ്ബേഴ്സ് | XVI/67 | 19 |
| 10 | ഏയ്ഞ്ചൽ പോളിമേഴ്സ് | XIII/362 | 09 |
| 11 | ഏയ്ഞ്ചൽ റബ്ബേഴ്സ് | XIII/361 | 09 |
| 12 | എവിഎം റബ്ബേഴ്സ് | XIII/24 | 33 |
| 13 | മറീന റബ്ബർ വർക്സ് | XIII/23 | 12 |
| 14 | ഹോട്ടൽ ആര്യ സൽക്കാര | XII/98A | 09 |
| 15 | പ്ലാന്റ് റിച്ച് അഗ്രോ ടെക് പ്രൈ.ലി. | XIII/157 | 06 |
| 16 | ക്രൗൺ ഇന്റർനാഷണൽ ഡെന്റൽ ലാബ് | XVII/472 | 06 |
| 17 | ചെറീഷ് എന്റർപ്രൈസസ് | XII/162A | 09 |
| 18 | ബെസ്റ്റ് ബേക്കേഴ്സ് & റെസ്റ്റോറന്റ് | X/60 | 17 |
| 19 | കെ ആർ ബേക്സ് പ്രൈ.ലി. | XII/513A | 16 |
| 20 | കോട്ടയം ടിമ്പേഴ്സ് & പാക്കേഴ്സ് | IX/626 | 09 |

| | | | |
|---|---|---|---|
| 21 | ഫ്രഷ് & കൂൾ ഹൈപ്പർമാർക്കറ്റ് | XIII/146 | 05 |
| 22 | മണർകാട് ടിമ്പർ ഇൻഡസ്ട്രീസ് | XII/526 | 05 |
| 23 | തെംസൺ റബ്ബർ ഇൻഡസ്ട്രീസ് | XII/173A | 08 |
| 24 | ജി ജി റബ്ബേഴ്സ് | XII/177F | 05 |
| 25 | തെംസൺ ഇൻഡസ്ട്രീസ് | XII/174D | 05 |
| 26 | തെംസൺ റബ്ബേഴ്സ് | XII/174 | 08 |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/21.06.17) സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുകയുണ്ടായി. സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 266-ാം വകുപ്പ്,1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽസ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവയനുസരിച്ച് പഞ്ചായത്ത് പരിധിയിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് മുൻകൂർ രജിസ്ട്രേഷൻ ആവശ്യമാണ്. മേൽ ചട്ടം-5 പ്രകാരം ടി സ്ഥാപനങ്ങൾ എല്ലാ സാമ്പത്തിക വർഷാരംഭത്തിനുമുമ്പ് രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ ചുവടെ ചേർക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 2016-17 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെയാണ് പ്രവർത്തിച്ചതെന്ന് രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ നിന്നും കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എലൈറ്റ് അക്കാഡമി, മണർകാട് |
| 2 | ഷാലോം ചെസ് ട്രെയിനിംഗ് അരീന, മണർകാട് |
| 3 | ജോബ് ടെക് കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ, മണർകാട് |
| 4 | എക്സൽ എൻട്രൻസ് കോച്ചിംഗ്, മണർകാട് |
| 5 | സ്പെക്ട്രം സ്കൂൾ ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, മണർകാട് |
| 6 | വിന്നേഴ്സ് അക്കാഡമി ട്യൂഷൻ സെന്റർ, മണർകാട് |
| 7 | റാപ്പിഡ് സൊല്യൂഷൻസ് ട്യൂഷൻ സെന്റർ, മണർകാട് |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/21.06.17) ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി നൽകുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 2-6 സ്വകാര്യആശുപത്രികൾ /പാരാമെഡിക്കൽ സ്ഥാപനങ്ങൾ , ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രിയും പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ ചുവടെ ചേർക്കുന്ന സ്വകാര്യആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും 2016-17 സാമ്പത്തികവർഷം

ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാതെയാണ് പ്രവർത്തിച്ചതെന്ന് രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ നിന്നും കാണുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | സെന്റ് മേരീസ് ആശുപത്രി, മണ്ണാർക്കാട് |
| 2 | റിലയന്റ് ഡെന്റൽ ക്ലിനിക് |
| 3 | ഡിഡിആർസി എസ്ആർഎൽ ഡയഗ്നോസ്റ്റിക് പ്രൈ.ലി. |
| 4 | ജിയോ ഹോമിയോ ക്ലിനിക്, മണ്ണാർക്കാട് |
| 5 | മാതാ ഹോമിയോ ക്ലിനിക്, മണ്ണാർക്കാട് |
| 6 | മേച്ചിറക്കാട്ട് ആയുർവ്വേദ മെഡിക്കൽ സെന്റർ |
| 7 | ഇൻസൈറ്റ് ഒപ്റ്റീഷ്യൻസ് & ഐ ക്ലിനിക്, മണ്ണാർക്കാട് |
| 8 | ഇന്ദീവരം ആയുർവ്വേദ ഹോസ്പിറ്റൽ & ഐ ക്ലിനിക്, മണ്ണാർക്കാട് |
| 9 | ജീവൻധന ആയുർവ്വേദക്ലിനിക്, മണ്ണാർക്കാട് |
| 10 | ദീപ്തി നേഴ്സിംഗ് ഹോം, അരീപ്പറമ്പ് |
| 11 | ക്രൗൺ ഇന്റർ ഡെന്റൽ ലാബ്, മണ്ണാർക്കാട് |
| 12 | ബയോ റിസർച്ച് ഡയഗ്നോസ്റ്റിക്, മണ്ണാർക്കാട് |
| 13 | കെയർവെൽ ക്ലിനിക്, മണ്ണാർക്കാട് |
| 14 | ചെറിയാൻ ഹോളിസ്റ്റിക് സെന്റർ, മണ്ണാർക്കാട് |

മേൽ പരാമർശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/21.06.17) രജിസ്ട്രേഷൻ സംബന്ധമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യആശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്നതിനും അതുവഴി വരുമാനനഷ്ടം സംഭവിക്കുന്നത് ഇല്ലാതാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ഇ-ടെൻഡർ - ടെൻഡർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

2016-17 വർഷം ഇ-ടെൻഡർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിലുള്ള തുക എൽ.എസ്.ജി.ഡി.എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ഓൺലൈനായി ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടെൻഡർ ഫീ ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമായതായി കാണുന്നില്ല. തൻവർഷം നടപ്പാക്കിയ ഇ-ടെൻഡർ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നംപർ/പേര് | പ്രോജക്ട് അടങ്കൽ | ലഭിച്ച ടെൻഡറുകൾ (എണ്ണം) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 111/17-മാലം കിഴക്കേടത്ത് പടി റോഡ് മെയിന്റനൻസ് | 600000/-- | 2 |
| 2 | വല്യുഴം എസ് റ്റി കോളനി റോഡ് | | 2 |
| 3 | 105/17-പൈനുങ്കൽ പടി തെങ്ങുംതുരുത്തേൽപടി റോഡ് | 500000/- | 1 |
| 4 | 133/17-ഗ്രാമീണ ചന്തയ്ക്ക് മുന്നൊരുക്കം | 1234300/- | 4 |
| 5 | 72/17-പെരുമണ്ണൂർ കുളം -പഴയ കെ.കെ.റോഡ് | 500000/- | 1 |

ടെണ്ടർ ഫീസ് ഇനത്തിൽ ഒടുക്കിയ തുക (മുൻ വർഷങ്ങളിലേതുൾപ്പെടെ) എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-8 നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

നിക്ഷേപ രജിസ്റ്റർ പരിശോധിച്ചതിൽ 2003 മുതലുള്ള നിക്ഷേപങ്ങൾ തിരികെ നൽകുവാൻ അവശേഷിക്കുന്നതായി കാണുന്നു. കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282 അനുസരിച്ച് 3 വർഷത്തിലധികമായി അവകാശമുന്നയിക്കാതെ ശേഷിക്കുന്ന നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ നിക്ഷേപങ്ങളും ബാദ്ധ്യതയായി നിലനിർത്തിയിട്ടുണ്ട്. കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ ക്രമീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇൻസിനേറ്റർ സ്ഥാപിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ഇൻസിനേറ്റർ സ്ഥാപിക്കുന്നതിന് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. 145/17 പ്രകാരം പൊതുവിഭാഗം വികസനഫണ്ടിൽ 693500/- രൂപ വകയിരുത്തുകയും സോഷ്യോ ഇക്കണോമിക്ക് യൂണിറ്റിനെ നിർവ്വഹണഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തു. ആദ്യഘട്ടമായി 300000/- രൂപ പ്രോഗ്രാം ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. (ബിൽ നം.323/17/27.03.17). എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.71875/ഡി.സി/2014 തീയതി 2.12.14 പ്രകാരം കേരളത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മാലിന്യസംസ്കരണത്തിനായി മറ്റ് സാങ്കേതികവിദ്യകളൊന്നും ഉപയോഗ പ്രദമല്ലാത്ത പ്രത്യേക സാഹചര്യങ്ങളിൽ മാത്രമേ ഇൻസിനേറ്ററുകൾസ്ഥാപിക്കാൻ പാടുള്ളൂ. ആയതു സ്ഥാപിക്കുന്നതിനു മുമ്പായി ശുചിത്വമിഷൻ, മലിനീകരണ നിയന്ത്രണബോർഡ് എന്നിവയുടെ ശുപാർശയോടു കൂടി സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. എന്നാൽ ഇപ്രകാരം മുൻകൂർ അനുമതി വാങ്ങാതെയാണ് പഞ്ചായത്തിൽ പ്രോജക്ട് നടപ്പാക്കി വരുന്നത്. ഇത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ നിലവിൽ ചെലവഴിച്ച 3 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 വനിത തൊഴിൽ പരിശീലന കേന്ദ്രം - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | S0027/17 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കൺവീനർ | ഷാജികുമാർ എസ് |
| അടങ്കൽ | 1317279/- |
| ചെലവ് | 448842/-(DD No 063175/1.10.16) |

| | |
|---|---|
| | 795277/-(DD No 915094/2.2.17) |
| ആകെ | 1244119 |

2014-15 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ രണ്ടാം നിലയിൽ വനിതകൾക്കായി ഒരു തൊഴിൽപരിശീലന കേന്ദ്രം നിർമ്മിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യറാക്കിയത്. മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് എടുക്കാതെയാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്

2) തറനിരപ്പിൽ നിന്നും മൂന്ന് നിലകൾ ഉള്ളതിനാൽ പാർപ്പിടേതര ഗണത്തിൽപ്പെടുന്ന ടി കെട്ടിടത്തിന് ഫയർആന്റ് സേഫ്റ്റിയിൽ നിന്നുള്ള നിരാക്ഷേപ പത്രം ലഭിച്ചിട്ടില്ല.

3) കൺവീനറുടേയും ചെയർമാന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ കൂടി ഇടപാടുകൾ നടത്തുന്നതിന്റെ വിശദാംശങ്ങൾ, വരവ് ചെലവ് കണക്കുകൾ ഗുണഭോക്തൃസമിതി അംഗീകരിച്ചതിന്റെ വിവരങ്ങൾ, പ്രവൃത്തിക്ക് വേണ്ടി വാങ്ങിയ സാധനങ്ങളുടെ ബില്ല്, മസ്റ്റർ റോൾ എന്നിവ ഫയലിലില്ല

4) മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം16/22.6.17) ലഭിച്ച മറുപടിയിൽ പഞ്ചായത്ത് കെട്ടിടം ആയതിനാലാണ് പെർമിറ്റ് എടുക്കാഞ്ഞതെന്നും, അപാകതകൾ ഉണ്ടായിരുന്ന ഗുണഭോക്തൃസമിതി പിരിച്ച് വിട്ട് പുതിയ ഗുണഭോക്തൃസമിതി രൂപീകരിച്ചാണ് പണികൾ പൂർത്തിയാക്കിയതെന്നും കോടതി വിധി അനുസരിച്ചാണ് തുക നൽകിയതെന്നും അറിയിച്ചിട്ടുണ്ട്.

ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും, പ്രവൃത്തിയുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 3-3 രജിസ്റ്ററുകളും ഫോറങ്ങളും ലഭിച്ചിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും രജിസ്റ്ററുകളും ഫോറങ്ങളും വാങ്ങുന്നതിനായി 21600775/12-01-17 നം.വൗച്ചർ പ്രകാരം തൻവർഷം 21732/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ രജിസ്റ്ററുകളും ഫോറങ്ങളും നാളിതുവരെ പഞ്ചായത്തിനു ലഭ്യമായിട്ടില്ല എന്നു ബോധ്യപ്പെട്ടു. ആയതിനാൽ ഈയിനത്തിൽ ചെലവായ 21732/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫോറങ്ങളും രജിസ്റ്ററുകളും ലഭ്യമാകുന്ന മുറയ്ക്ക് അവ സ്റ്റോക്കിലെടുത്ത് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 കല്ലുവെട്ടം കുടിവെള്ള പദ്ധതി -പൂർത്തീകരിച്ചിട്ടില്ല. ഗുണഭോക്തൃസമിതി അടച്ച തുക തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

4/3/15 ലെ രസീത് നം 11403107024 പ്രകാരം 100000/-രൂപ കല്ലുവെട്ടം കുടിവെള്ള പദ്ധതിയുടെ ഗുണഭോക്തൃവിഹിതമിനത്തിൽ സമിതിയുടെ പ്രസിഡന്റ് അടച്ചതായി കാണുന്നു. ടി കുടിവെള്ള പദ്ധതി പൂർത്തീകരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം13/21.6.17) ലഭിച്ച മറുപടിയിൽ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുള്ളതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ഗുണഭോക്തൃ വിഹിതമിനത്തിൽ അടച്ച തുക തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

## 3-5 ഷീ പാഡ് വിതരണം - പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം -146/17
നിർവ്വഹണോദ്യോഗസ്ഥൻ -എച്ച്.എം, ഗവ: യു .പി സ്കൂൾ,മാലം
അടങ്കൽ-63292/- (വികസന ഫണ്ട്) പൊതുവിഭാഗം

ചെലവ് –31646/- (ബിൽ നം.3/16-17 തീയതി 21.02.17)

സ.ഉ.(സാ.ധാ.) നം 280/16 തസ്വഭവ തീയതി. 25.01.16 പ്രകാരം സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിയ്ക്കുന്ന പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി ഷീ പാഡുകൾ, അലമാര, ഇൻസിനറേറ്റർ എന്നിവ ലഭിക്കുന്നതിനായി വികസന ഫണ്ടിൽ നിന്നും 31646/-രൂപ അഡ്വാൻസായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം.35810483408, എസ്.ബി.ഐ സ്റ്റാച്യൂ ബ്രാഞ്ച്, തിരുവനന്തപുരം) നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി സാധനങ്ങൾ ലഭിച്ചിട്ടില്ല. ആയതിനാൽ 31646/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 ബയോഗ്യാസ് പ്ലാന്റ് (വാർഡ് 1,14)- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് | 26550/- |
| ഗുണഭോക്തൃ വിഹിതം | 38250/- |
| സംസ്ഥാനാവിഷ്കൃതപരിപാടി | 76500/- |
| തനതുഫണ്ട് | 11700/- |
| ആകെ | 153000/- |

വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. റെയ്ഡ്കോയിൽ നിന്നും 12 ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങിയിട്ടുണ്ടെങ്കിലും പദ്ധതിയ്ക്കായി തൻവർഷം വകയിരുത്തിയതിൽ ധനകാര്യകമ്മീഷൻ അവാർഡ് വിഹിതത്തിൽ നിന്നും 23244/- മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (bill no.10/veo/mkd/16-17/31-3-17/ . റെയ്ഡ്കോയുടെ ബിൽ പ്രകാരം യൂണിറ്റിന് 7747- നിരക്കിൽ 92964/- ആണ് ആകെ ചെലവ്.

2. 12 ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്ത 23244/- രൂപ (1937x12) നിലവിൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ടി തുക റെയ്ഡ്കോയിൽ അടച്ചിട്ടില്ല.

3. സംസ്ഥാനാവിഷ്കൃതപരിപാടിയിൽ (ശുചിത്വമിഷനിൽ നിന്നും) വകയിരുത്തിയിട്ടുള്ള തുക ലഭിച്ചതിന്റെയും ചെലവഴിച്ചതിന്റെയും വിവരമില്ല.

4. റെയ്ഡ്കോയിൽ നിന്ന് ബയോഗ്യാസ്പ്ലാന്റുകൾ ലഭിച്ചതിന്റെയും അവ സ്ഥാപിച്ചതിന്റെയും വിശദാംശങ്ങളില്ല.

5. പദ്ധതി പ്രവർത്തനക്ഷമമായതിന്റെയും മോണിറ്ററിംഗ് നടത്തിയതിന്റെയും വിശദാംശങ്ങളില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് (നം.2) റെയ്ഡ്കോയിൽ നിന്ന് ബയോഗ്യാസ് യൂണിറ്റുകൾ വീടുകളിൽ എത്തിച്ചിട്ടുണ്ടെങ്കിലും സ്ഥാപിച്ചിട്ടില്ലെന്നും, ശുചിത്വമിഷനിൽ നിന്നും തുക ലഭിച്ചിട്ടില്ലെന്നും മറുപടി നൽകി. പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ലാത്തതിനാൽ തൻവർഷം ചെലവഴിച്ച 23244/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 മരുന്ന് പൂർണമായി ലഭ്യമായിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

ആയുർവ്വേദ മെഡിക്കൽ ഓഫീസർ മുഖേന നടപ്പാക്കിയ ആയുർവ്വേദ ഡിസ്പൻസറിയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി (നം 0045/17) പ്രകാരം 130000/- രൂപ തൃശ്ശൂർ ആയുർധാര ഫാർമസ്യൂട്ടിക്കൽസിലും (ഡിഡി.നം.064281/2-12-16), 170000/- രൂപ തൃശ്ശൂർ ഔഷധിയിലുമായി (ഡിഡി നം.064280/2-12-16) ആകെ 300000/- മരുന്നിനായി ചെലവഴിച്ചിട്ടുണ്ട്. ആയുർധാരയിൽ നിന്ന് മരുന്ന് മുഴുവൻ ലഭിച്ചിട്ടുണ്ടെങ്കിലും ഔഷധിയിൽ നിന്നും 164488/-

രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ലഭിയ്ക്കാനവശേഷിയ്ക്കുന്ന മരുന്നിന്റെ ചെലവുതുക 5512/- തടസ്സപ്പെടുത്തുന്നു.

## 3-8 മരുന്ന് ലഭ്യമായിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു.

ഹോമിയോ മെഡിയ്ക്കൽ ഓഫീസർ മുഖേന നടപ്പാക്കിയ ഹോമിയോഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ പധതി (നം. എസ് 0165/17)പ്രകാരം 100000/- രൂപ (ഡിഡി നം.064518/27-12-16) ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോർപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ മരുന്ന് ലഭ്യമല്ല എന്നതിന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. കൂടാതെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടുമില്ല. മരുന്ന് ലഭ്യമാകുന്നതുവരെ ചെലവുതുക 100000/- തടസ്സപ്പെടുത്തുന്നു.

## 3-9 പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച തുകകൾ ചെലവഴിക്കാനവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്ക്, ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച താഴെപ്പറയുന്ന തുകകൾ നിലവിലും ചെലവഴിക്കാനവശേഷിക്കുന്നതായി കാണുന്നു. ടി ബാലൻസ് തുകകൾ അതാതിനത്തിലുള്ളതാണെന്ന് ഉറപ്പുവരുത്തി ചെലവഴിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ അല്ലെങ്കിൽ തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | നിലവിലെ ബാലൻസ് |
|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 414669/- |
| മൃഗാശുപത്രി കെട്ടിട നിർമ്മാണം | 360397/- |
| സമ്പൂർണ്ണ ശുചിത്വം | 171000/- |
| യു.ഐ.ഡി ഇൻസെന്റീവ് | 15150/- |
| ഗുണഭോക്തൃ വിഹിതം | 95205/- |

## 3-10 അരീപ്പറമ്പ് മഹാദേവ ക്ഷേത്രക്കുളം പുനരുദ്ധാരണ പദ്ധതി-പൂർത്തീകരിച്ചിട്ടില്ല

സ.ഉ (സാധാ) നം 5880/14/ആർ.ഡി/26.11.14 പ്രകാരം ക്ഷേത്രങ്ങളോടു ചേർന്നുള്ള കാവുകളുടേയും ആൽത്തറകളുടേയും കുളങ്ങളുടേയും പുനരുദ്ധാരണ പദ്ധതി ആവിഷ്കരിക്കുന്നതിന് അനുമതി ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അരീപ്പറമ്പ് മഹാദേവ ക്ഷേത്രക്കുളം നിർമ്മാണത്തിനായി 20 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക ക്ഷേത്ര സമിതി പ്രസിഡന്റിന്റെയും സെക്രട്ടറിയുടേയും പേരിൽ 30/3/15 ൽ എസ് ബി റ്റി എസ് ബി നം 4 അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ടി പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം14/21.6.17) ലഭിച്ച മറുപടിയിൽ വർക്ക് പൂർത്തീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ക്ഷേത്ര സമിതിയ്ക്ക് നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പദ്ധതി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ഇടപാടുകൾ ഇല്ലാത്തതിനാൽ റിസർവ് ബാങ്കിന്റെ Unclaimed a/c ലേക്ക് മാറ്റിയ തുക തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റ SBT മണർകാട് ശാഖയിലുള്ള No 57005496374 A/c ൽ ഇടപാടുകളില്ലാത്തതിനാൽ A/c ൽ ഉണ്ടായിരുന്ന ബാലൻസ് തുകയായ 20046/-രൂപ 23/2/17ൽ റിസർവ് ബാങ്കിന്റെ Unclaimed a/c ലേക്ക് മാറ്റിയതായി കാണുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ 12/4/17 ലെ 5 (11) തീരുമാന പ്രകാരം ടി തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചെങ്കിലും നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ പദ്ധതികൾ- വാങ്ങിയ സാധനങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്ത് ഓഫീസ് ഐ.എസ്.ഒ നിലവാരം ആക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ പ്രകാരം ഇലക്ട്രിക് ഉപകരണങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് നവീകരണപ്രവർത്തനങ്ങൾ പൂർത്തിയാകാത്തതിനാൽ അവ പൂർണമായി ലഭ്യമാക്കാതെയും ലഭിച്ചവ മുഴുവൻ സ്റ്റോക്കിലെടുക്കാതെയുമിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | പദ്ധതിയുടെ പേര് | വാങ്ങിയ ഉപകരണങ്ങൾ | ചെലവു തുക | റിമാർക്സ് |
|---|---|---|---|---|
| 1 | നം. 176/17. പഞ്ചായത്ത് ഓഡിറ്റോറിയത്തിലേയ്ക്ക് ഡയസ് ടേബിൾ, സ്റ്റാന്റ്, കസേര | ഡയസ് ടേബിൾ, പോഡിയം, കസേരകൾ | 149714/- | സാധനങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിലും സ്റ്റോക്കിലെടുത്തിട്ടില്ല. ഓഡിറ്റോറിയം പണി പൂർത്തീകരിച്ചിട്ടില്ല |
| 2 | നം.158/17. കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് | പ്രിന്റർ, കമ്പ്യൂട്ടർ, കമ്പ്യൂട്ടർ ടേബിൾ, കസേര | 197000/- | സാധനങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിലും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല. |
| 3 | നം.178/17.മണർകാട് പഞ്ചായത്ത് ഓഫീസ് സംവിധാന പരിപാലനം | പാനലിംഗിനാവശ്യമായ സാധനങ്ങളും പലതരം കസേരകൾ, അലമാരകൾ, കമ്പ്യൂട്ടർ ടേബിൾ, മേശകൾ | 1359532/- | സ്റ്റോക്കിലെടുത്തുവെങ്കിലും സ്ഥലലഭ്യതയില്ലായ്മ മൂലം ഫർണിച്ചറുകൾ റബ്കോയിൽ നിന്നും നാളിതുവരെ പഞ്ചായത്തിലെത്തിച്ചിട്ടില്ല. 2265887-രൂപയുടെ കൺസോളിഡേറ്റഡ് ബില്ലിൽ 1359532/- രൂപയാണ് തൻവർഷം നൽകിയത് |
| 4. | നം. 204/17. സി.സി.ടി.വി, ട്രിപ്പിൾ എൽഇഡി ടിവി എന്നിവയുടെ സംവിധാനപരിപാലനം | സിസി ടിവി, എൽ ഇ ഡി ടിവി | 375000/- | സ്റ്റോക്കിലെടുത്തുവെങ്കിലും കാഡ്കോയിൽ നിന്നും ലഭ്യമാക്കിയില്ല. |
| 5 | നം.207/17. സ്റ്റോർ റൂമിലേയ്ക്ക് ലാഡർ വാങ്ങൽ | ലാഡർ | 14855/- | സ്റ്റോക്കിലെടുത്തുവെങ്കിലും കാഡ്കോയിൽ നിന്നും ലഭ്യമാക്കിയില്ല. |

ഐ എസ് ഒ സർട്ടിഫിക്കേഷനോടനുബന്ധിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ എത്രയും വേഗം പൂർത്തിയാക്കി, ഉപകരണങ്ങളുടെ സ്റ്റോക്ക്, രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി അവ പ്രവർത്തനക്ഷമമാക്കിയതിന്റെ

വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-13 ഭവനനിർമാണം പൂർത്തീകരിയ്ക്കാത്തത്

വിഇഒ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ എസ് സി ഭവനനിർമാണപദ്ധതിയിലെ (നം.എസ്.0142/17) ചുവടെ കൊടുത്തിരിയ്ക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമാണം പൂർത്തീകരിയ്ക്കാൻ അവശേഷിയ്ക്കുന്നു.

| ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ ആകെ തുക (2 ഗഡുക്കൾ) |
|---|---|
| രഞ്ജിത്ത്, പാലൂപ്പറമ്പിൽ, മണർകാട് | 120000/- |
| റെജി എം.പി., മംഗലശ്ശേരിൽ, പറമ്പുകര, തിരുവഞ്ചൂർ | 120000/- |
| ശശി വി.സി., അമ്പാടിക്കുന്നേൽ, അരീപ്പറമ്പ് | 120000/- |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-14 ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ -നടപടിക്രമങ്ങൾ പാലിക്കുന്നില്ല

2016-17 വർഷം ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) കൺവീനറുടേയും ചെയർമാന്റെയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ കൂടി ഇടപാടുകൾ നടത്തുന്നതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

2) മിനിട്സ് ബുക്ക് പരിശോധിച്ചതിൽ ഭൂരിഭാഗം പ്രവൃത്തികളുടെയും വരവ് ചെലവ് കണക്കുകൾ ഗുണഭോക്തൃസമിതി അംഗീകരിച്ചതായി കാണുന്നില്ല.

3) പ്രവൃത്തിക്ക് വാങ്ങുന്ന സാധനങ്ങളുടെ ബില്ല്, മസ്റ്റർ റോൾ എന്നിവ ല്യഭ്യമാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല.

4) മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല
ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് |
|---|---|
| 1 | 108/17 - കൈതമറ്റം ചിലമ്പത്ത്പടി റോഡ് കോൺക്രീറ്റിംഗ് |
| 2 | 8/17 - തലച്ചിറ പറപ്പള്ളിക്കുന്ന് പമ്പ് ഹൗസ് മെയിൻ |

ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 3-15 തെരുവു വിളക്കുകളുടെ വൈദ്യുതിക്കരം അടവ്-അപാകതകൾ

(കൺ.നം.10673 )

തെരുവു വിളക്കുകളുടെ വൈദ്യുതിക്കരമിനത്തിൽ പ്രതിമാസം 152363/- രൂപയാണ് അടച്ചുവരുന്നത്. പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ എണ്ണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ KSEBയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ലായെന്ന് മറുപടി നല്കിയിട്ടുണ്ട്. 11/2016 മുതൽ താരിഫ് മാറ്റം മൂലം വൈദ്യുതി നിരക്ക് ഉയർത്തിയതുമുതൽ ഭീമമായ തുക കറന്റ്

ചാർജ്ജിനത്തിൽ ഓരോ മാസവും അടവാക്കി വരുന്നവെങ്കിലും തെരുവ് വിളക്കുകൾക്ക മീറ്റർ ഘടിപ്പിക്കുന്നതിന് നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. KSEBയുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തുന്നതിനും തെരുവ് വിളക്കുകൾക്ക അടിയന്തിരമായി മീറ്റർ ഘടിപ്പിക്കുന്നതിനും ആവശ്യമായ നടപികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു

2016-17 വർഷം വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി കൈമാറിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ വിശദാംശങ്ങൾ | അടങ്കൽ തുക | നൽകിയത് | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| പ്രോ.നം.153/17- ഡി.പി.സി ആസ്ഥാനമന്ദിരം വിഹിതം | 200000/-രൂപ ഡി.ഡി.നം. 958631/ 21-04-17 | ജില്ലാ പ്ലാനിംഗ് ഓഫീസർ | സെക്രട്ടറി |
| പ്രോ.നം.159/17- പി.എം.എ.വൈ വിഹിതം | 20000/- രൂപ SBT,പള്ളിക്കത്തോട് IFS code: SBTR0000247 | ജോൺസൺ വെട്ടിക്കുളങ്ങര, അക്കൗണ്ട് നം. 67169988433ലേക്ക് TC ചെയ്തു. | ” |
| പ്രോ.നം.102/17- എസ് എസ് എ വിഹിതം | 400000/- ഡിഡി നം. 064488/ 21.12.16 | പ്രോജക്ട് കോ-ഓർഡിനേറ്റർ, എസ്.എസ്.എ, കോട്ടയം | എച്ച്.എം., ഗവ.എൽ.പി.സ്കൂൾ, മണർകാട് |

620000/- രൂപയുടെവിനിയോഗ രേഖകൾ പരിശോധനയ്ക്ക ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2016-17 സാമ്പത്തികവർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 109 പദ്ധതികൾ വിഭാവനം ചെയ്തതിൽ 102 പദ്ധതികൾക്ക് സാങ്കേതികാനുമതി ലഭിയ്ക്കുകയും 94 പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 20075 തൊഴിൽദിനങ്ങൾ സൃഷ്ടിയ്ക്കപ്പെട്ടകയും 579 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിയ്ക്കുകയും ചെയ്തു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ട് മഴക്കുഴി നിർമ്മാണവും പടുതാക്കുളം നിർമ്മാണവും, കൂടാതെ 11റോഡ് കോൺക്രീറ്റിംഗ് പ്രവർത്തികളും തൻവർഷം നടപ്പിലാക്കി. കാഷ്ബുക്ക് പ്രകാരമുള്ള തൻവർഷത്തെ ആകെ വരവ് ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1715/- |
| വരവ് | 12690765/- |
| ആകെ | 12692480/- |
| ചെലവ് | 12685643/- |
| നീക്കിയിരിപ്പ് | 6837/- |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക/ തീയതി | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് | 250000/24-11-16 | 82/16-17 സമ്പൂർണ്ണ കക്കൂസ് നിർമ്മാണം | 250000 | 0 |
| | 24000/16-1-17 | 82/16-17 സമ്പൂർണ്ണ കക്കൂസ് നിർമ്മാണം | 24000 | 0 |
| | 2000/16-1-17 | 82/16-17 സമ്പൂർണ്ണ കക്കൂസ് നിർമ്മാണം | 2000 | 0 |
| | 450000/29-3-17 | 133/16-17 ഗ്രാമീണചന്ത മുന്നൊരുക്കം | 0 | 450000 |
| | 350000/10-3-17 | 103/16-17 ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 350000 | 0 |
| | 62500/9-3-17 | 44/16-17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 62500 | 0 |
| ജില്ലാപഞ്ചായത്ത് | 62500/31-3-17 | 44/16-17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 62500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക

തൻവർഷം ഡെപ്പോസിറ്റ് വർക്കിനു തുക നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

തൻവർഷം നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1281915 |
| തൻവർഷം നിക്ഷേപിച്ച തുക | - |

| | |
|---|---|
| പലിശ | 102273 |
| ആകെ | 1384188 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിയ്ക്കുന്ന സ്ഥിരനിക്ഷേപം | 1384188 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം താഴെ ചേർക്കുന്നു.
നിക്ഷേപത്തിന്റെ തുക വിവരം

| | | |
|---|---|---|
| കാനറാ ബാങ്ക്, മണർകാട് ശാഖ | 0779401001414/7 തീയതി 10.1.17 | 13,84,188 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61367761.65 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44862469 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1102134 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 300000 | ശ്രീ.എം.ബിജുകുമാർ, സെക്രട്ടറി |
| 3-3 | 21732 | ശ്രീ.എം.ബിജുകുമാർ, സെക്രട്ടറി |
| 3-5 | 31646 | ശ്രീമതി സാന്റി എ.കെ., എച്ച്.എം., ഗവ.യു.പി.എസ്., മാലം |
| 3-6 | 23244 | ശ്രീ.രാജേഷ് കുമാർ, വി.ഇ.ഒ. |
| 3-7 | 5512 | ഡോ.അനി പി.പ്രകാശം, മെഡിക്കൽ ഓഫീസർ (ആയുർവേദം) |

| | | |
|---|---|---|
| 3-8 | 100000 | ഡോ.സുകുമാരി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-16 | 200000+20000<br>400000 | ശ്രീ.എം.ബിജുകുമാർ, സെക്രട്ടറി<br>ശ്രീമതി സാന്റി എ.കെ., എച്ച്.എം., ഗവ.യു,പി.എസ്., മാലം |
| ആകെ | 11,02,134 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ
ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 2002-03 | എൽ.എഫ്.കെ.പി.6-/744/07/18.4.08 | |
| 2003-04 | എൽ.എഫ്.കെ.പി.6-1161/08/09-07-09. | |
| 2004-05 | എൽ.എഫ്.കെ.പി.1-190/അദാ./എഫ്.4/22-2-11 | |
| 2005-06 | എൽ.എഫ്.കെ.പി.1-190/അദാ./എഫ്.4/22-2-11 | |
| 2006-07 | എൽ.എഫ്.കെ.പി.1-190/അദാ./എഫ്.4/22-2-11 | |
| 2007-08 | എൽ.എഫ്.കെ.പി.1-190/അദാ./എഫ്.4/22-2-11 | |
| 2008-09 | എൽ.എഫ്.കെ.പി.11-1324/11/06-03-12 | |
| 2009-10 | എൽ.എഫ്.കെ.പി.12-1262/13/13.09.13 | |
| 2010-11 | എൽ.എഫ്.കെ.പി.12-1261/13/05-10-13 | |
| 2011-12 | എൽ.എഫ്.കെ.പി.12-1501/13/18.11.13 | 8 |
| 2012-13 | എൽ.എഫ്.കെ.പി.12-825/14/11.8.15 | 17 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി12-241/16/16.03.16/26.03.16 | 9 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി12-1129/16/4.8.16 | 30 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12-1737/16/21.11.16 | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.ടി.എം.പി.13/995/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 05.07.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണർകാട് ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം